**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 132** **02-02-2024 - ൽ മറുപടിയ്ക്ക്**

**പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാൽ ഉത്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി പലവിധ പദ്ധതി പ്രവർത്തനങ്ങളും വകുപ്പ് നടപ്പിലാക്കി വരുന്നു. പ്രധാന പദ്ധതിയായ മിൽക്ക് ഷെഡ് പദ്ധതി മുഖേന അന്യ സംസ്ഥാനങ്ങളിൽ നിന്നും കറവ പശുക്കളെ വാങ്ങുന്നതിലൂടെ സംസ്ഥാനത്തെ കാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അതുവഴി പാലുല്പാദനം കൂട്ടുന്നതിനും സഹായകരമാകുന്നു.<br><br>മിൽക്ക് ഷെഡ് വികസന പദ്ധതി കൂടാതെ തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ ധനസഹായ പദ്ധതി,തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി, മേഖല/ വിഭാഗം എന്നിവിടങ്ങളിലെ തൊഴിലാളികൾക്കായി ക്ഷീരതീരം, ക്ഷീരലയം എന്നീ പദ്ധതികൾ, ഇടുക്കി / വയനാട് എന്നീ ജില്ലകൾക്കായി പ്രത്യേക ഡയറി പാക്കേജുകൾ, പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള പദ്ധതികൾ, പാൽഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം തുടങ്ങിയ പദ്ധതികളിലൂടെ സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വകുപ്പ് നിരന്തരം പ്രയത്നിക്കുന്നു.<br><br>സർക്കാരിൻറെ ഭാഗികമായ ധനസഹായത്തോട്ടു കൂടിയും മേഖലാ യൂണിയനുകളുടെ സ്വന്തം ഫണ്ടുപയോഗിച്ചും സംസ്ഥാനത്തെ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാവുന്നുണ്ട്. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചു നൽകിക്കൊണ്ടും, ചെലവ് കുറഞ്ഞ പാലുൽപാദനത്തിന് കറവമാടുകൾക്ക് |

| | | | |
|---|---|---|---|
| | | | പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിൽ എത്തിച്ചുകൊണ്ടും മിൽമയുടെ മേഖലാ യൂണിയനുകൾ തങ്ങളാലാകും വിധമൊക്കെ ക്ഷീരകർഷകൻറെ വർദ്ധിച്ചുവരുന്ന ഉൽപാദനചെലവ് നിയന്ത്രിച്ചുകൊണ്ട് കൂടുതൽ പേരെ ക്ഷീരമേഖലയിലേക്ക് എത്തിക്കുവാനും അതുവഴി ക്ഷീരോൽപാദനം വർദ്ധിപ്പിച്ചുകൊണ്ട് പാലുൽപാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി പാൽ ഉത്പാദനക്ഷമത, പാലിന്റെ ഗുണനിലവാരം എന്നിവ വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ക്ഷീരവികസന വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായി പാലുല്പാദനക്ഷമതയും ഗുണനിലവാരവും വർദ്ധിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി അന്യസംസ്ഥാനത്തുനിന്ന് ഉരുക്കളെ കൊണ്ടുവരുന്നതിനാൽ കേരളത്തിലെ പാലുല്പാദനം വർദ്ധിക്കുന്നു. ഇതുകാരണം കേരളത്തിലെ ഉപ ഭോഗത്തിനായി അന്യസംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന പാലിന്റെ അളവ് ഓരോ വർഷവും ഗണ്യമായി കുറഞ്ഞുവരുന്നു. കൂടാതെ പശുവിന്റെ കറവയുടെ സമയദൈർഘ്യം വർദ്ധിപ്പിച്ചതിനാൽ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉയരുകയും ആയതനുസരിച്ച് കർഷകർക്ക് വില ലഭിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ വകുപ്പിന്റെ പദ്ധതി നടത്തിപ്പിന്റെ പരിണിതഫലമായി പാലുല്പാദന ക്ഷമതയും ഗുണനിലവാരവും മെച്ചപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്. കൂടാതെ വിവിധ പദ്ധതിപ്രവർത്തനങ്ങളുടെ ഫലമായി മലബാർ മേഖലയിലെ പാലിന് രാജ്യത്തെ ഏറ്റവും നല്ല അണുഗുണനിലവാരമുള്ള പാലായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ വിവിധ പദ്ധതി പ്രവർത്തനങ്ങളിലൂടെ പാലുല്പാദന ക്ഷമത 10.39 kg/day നിന്നും 10.77 kg/day ആയി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.<br><br>മിൽമയും മേഖലാ യൂണിയനുകളും ചേർന്നുള്ള കൂട്ടായ പ്രവർത്തനങ്ങളുടെ ഭാഗമായി പാൽ ഉൽപ്പാദനക്ഷമത, പാലിൻറെ ഗുണനിലവാരം എന്നിവ വർദ്ധിപ്പിക്കുന്നതിന് ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. |
| (സി) | പാൽ ഉത്പാദന വർദ്ധനവിനനുസരിച്ച് മൂല്യവർദ്ധിത ഉത്പന്ന വൈവിധ്യവത്ക്കരണത്തിന് പദ്ധതിയുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (സി) | പാലുല്പാദനവർദ്ധനവിനനുസരിച്ച് വൈവിദ്ധ്യവത്ക്കരണത്തിനായി വിവിധ നടപടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലുല്പാദിപ്പിക്കുന്ന പാൽ ഉപഭോഗത്തിനുശേഷം ബാക്കി ഉണ്ടാകുന്നത് |

| | | | |
|---|---|---|---|
| | | | പാൽപ്പൊടിയാക്കി മാറ്റുന്നതിന് സർക്കാർ ധനസഹായത്തോടെ മലപ്പുറം ജില്ലയിലെ മൂർക്കനാട് എന്ന സ്ഥലത്ത് പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത് കൂടാതെ ക്ഷീരവികസന വകുപ്പിൽനിന്നും പരിശീലനം നേടിയശേഷം ബാങ്ക് വായ്പ ഉപയോഗപ്പെടുത്തിയും, സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചും നിരവധി വൈവിദ്ധ്യങ്ങളാർന്ന പാലുല്പന്നങ്ങൾ ക്ഷീരകർഷകർ വിപണിയിലെത്തിക്കുകയും ആയതിലൂടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ, ജെ.എൽ.ജി/ എസ്.എച്ച്.ജി/ രജിസ്റ്റേർഡ് ഗ്രൂപ്പുകളിലൂടെ പാലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>കർഷകരിൽ നിന്നും സംഭരിക്കുന്ന പാലിൽ നിന്നും നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിലും വിപണനത്തിലും മിൽമ പ്രത്യേകം ശ്രദ്ധ പുലർത്തുന്നു. മിൽമ ഉപഭോക്താക്കൾക്കാവശ്യമുള്ള രീതിയിലുള്ള വിവിധ ഇനം തരത്തിലുള്ള പാൽ വിപണിയിലെത്തിക്കുന്നതോടൊപ്പം തന്നെ ഗുണമേൻമയുള്ള അസംഖ്യം ഉൽപന്നങ്ങളും വിപണിയിലെത്തിക്കുന്നുണ്ട്. കേരളത്തിലെ വിപണിയിൽ പാൽ, തൈര്, നെയ്യ്, ഐസ്ക്രീം തുടങ്ങിയ ഉൽപ്പന്നങ്ങളുടെ സംഘടിത മേഖല വിൽപനയുടെ മുഖ്യ പങ്ക് കയ്യാളുന്നത് മിൽമയാണ്. ഉപഭോക്താക്കളുടെ അഭിരുചിയും ആവശ്യങ്ങളും മനസിലാക്കുന്നതിനും അതിനനുസരിച്ച് ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ സമയബന്ധിതമായി എത്തിക്കുന്നതിനുമുള്ള സംവിധാനങ്ങളും നിലവിലുണ്ട്. ബ്രാൻഡിംഗ്, പി.ആർ. ആക്റ്റിവിറ്റീസ്, ഔട്ട്ഡോർ, സ്റ്റോർ ഡിസൈനിങ് തുടങ്ങിയ മേഖലകളിലെല്ലാം പുതിയ ഏജൻസികളെ നിയമിച്ച് വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും നടന്നു വരുന്നു. |
| (ഡി) | പാലിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് ക്ഷീര കർഷകരെ പ്രാപ്തരാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഡി) | പാലിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ആറ് ക്ഷീരപരിശീലന കേന്ദ്രത്തിൽ നിന്നും കർഷകർക്ക് പരിശീലനം നൽകുന്നു. ഗുണനിലവാരമുള്ള പാലുല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിലൂടെ കർഷകർക്ക് ക്ഷീരമേഖലയിൽനിന്ന് ഒരു അധിക വരുമാനം ലഭിക്കുന്നതിന് സാധ്യമാകുന്നു. കൂടാതെ, ജെ.എൽ.ജി/എസ്.എച്ച്.ജി/ രജിസ്റ്റേർഡ് ഗ്രൂപ്പുകളിലൂടെ പാലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ